**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841** — **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിച്ച നൽകുന്ന പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന പഠനമുറി നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭാ/വാർഡ് സഭാ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമസഭാ/വാർഡ് സഭാ ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് അർഹരായ ഗുണഭോക്താക്കളെ മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന നടപടിയാണ് സ്വീകരിച്ച വരുന്നത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യ പദ്ധതിയായ പഠനമുറി പദ്ധതി നടപ്പിലാക്കുന്നില്ല. സാമൂഹ്യ പഠനമുറി പദ്ധതിയാണ് വകുപ്പ് നടപ്പിലാക്കുന്നത്. |
| (ബി) | അപേക്ഷകന്റെ അർഹത നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | 1.സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നീ സ്കൂളുകളിൽ പഠിക്കുന്ന 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി ആനുകൂല്യം നൽകിവരുന്നത്.<br><br>2.നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്. വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്.<br><br>3.നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.<br><br>4.നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം. |

| | | | |
|---|---|---|---|
| | | | 5.വരുമാന പരിധി ഒരുലക്ഷം രൂപ ആയിരിക്കണം.<br><br>പ്രസ്തുത പദ്ധതി മേൽ പരാമർശിച്ച പ്രകാരം ഗ്രാമസഭാ/വാർഡ് സഭ ലിസ്റ്റ് മുഖേനയുള്ള മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. പഠനമുറിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ 4 ഗഡുക്കളായി തുക അനുവദിക്കുന്നു. ടി രീതിയിൽ തുടർന്നും പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | 1.സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നീ സ്കൂളുകളിൽ പഠിക്കുന്ന 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി ആനുകൂല്യം നൽകിവരുന്നത്.<br><br>2.നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്. വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്.<br><br>3.നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം<br><br>4.നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.<br><br>5.വരുമാന പരിധി ഒരുലക്ഷം രൂപ ആയിരിക്കണം.<br><br>പ്രസ്തുത പദ്ധതി മേൽ പരാമർശിച്ച പ്രകാരം ഗ്രാമസഭാ/വാർഡ് സഭ ലിസ്റ്റ് മുഖേനയുള്ള മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. പഠനമുറിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ 4 ഗഡുക്കളായി തുക അനുവദിക്കുന്നു. ടി രീതിയിൽ തുടർന്നും പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു |

സെക്ഷൻ ഓഫീസർ